

**കാവ്യരൂപം**

ഇടശ്ശേരി

1

# കാവ്യരൂപം

ഇടശ്ശേരി

കവിത ഇപ്പോഴും വളർന്നുകൊണ്ടിരിക്കുന്നു. മനുഷ്യജീവിതത്തിന്റെ വളർച്ച മുട്ടുമ്പോഴല്ലാതെ കവിതയുടെയും വളർച്ച മുട്ടലില്ല.

എന്നാൽ കാവ്യലോകത്തിൽ വളർച്ച മുട്ടിയ രൂപങ്ങളുണ്ട്. പുതിയ രൂപങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുമുണ്ട്. രൂപഭാവങ്ങൾക്ക് അഭേദ്യബന്ധമായതുകൊണ്ട് ഇക്കാര്യം ശ്രദ്ധിക്കാതെ പോയാൽ ഭാവാവിഷ്കരണത്തിൽ പരാജയം പറ്റും.

വളർച്ച മുട്ടിയ രൂപങ്ങളുണ്ടെന്നു പറഞ്ഞതിനെ ഒരു ഉദാഹരണംകൊണ്ട് വ്യക്തമാക്കാം. അതിനുമുമ്പ് ഒരു കാര്യം ഓർമിപ്പിക്കട്ടെ. കാവ്യത്തിന്റെ രൂപവും ഭാവവും എന്നു നാം വേറെ വേറെ വ്യവഹരിക്കാറുണ്ടല്ലോ. കാവ്യനിർമിതിക്ക് തെരഞ്ഞെടുക്കുന്ന ഇതിവൃത്തം മുതൽ ആശയവിനിമയത്തിനായി ഉപയോഗിക്കുന്ന വാക്കുകൾവരെ, വിഷയം, വിഷയത്തിന്റെ വിഭജനം, പ്രതിപാദനം, അലങ്കാരം, വൃത്തം – എല്ലാം രൂപത്തിൽ ഉൾപ്പെടുന്നു. അതിൽ പെടാത്തതായി കാവ്യത്തിൽ ഒന്നുംതന്നെയില്ല – അതുകൊണ്ടാണ് ഭാവനിഷ്കർഷയുള്ള പണ്ഡിതന്മാർ കാവ്യം ഭദ്രരൂപമാകണമെന്ന് ഊന്നിയൂന്നിപ്പറഞ്ഞിട്ടുള്ളത്.

ഇനി ഉദാഹരണം, രഘുവംശം കാവ്യത്തെത്തന്നെയെടുക്കട്ടെ. ഇന്നു വരെ ഒരൊറ്റ സഹൃദയനും വിരൽ ചൂണ്ടാത്ത ഒരു മനോഹര സൃഷ്ടിയാണല്ലോ അത്. സ്വധർമത്തോടും സ്വന്തം കുലത്തോടുമുള്ള മമതാധിക്യത്തിന്, കഠിനമായി പരീക്ഷിക്കപ്പെട്ട അത്യുന്നതനായ ദിലീപചക്രവർത്തിയിൽനിന്ന് പടിപടിയായിറങ്ങി വിഷയഭ്രാന്തനായി, മന്ത്രിമാർ അലട്ടാൻ തുടങ്ങുമ്പോൾ സ്വന്തം പ്രജകൾക്ക് ദർശനാർഥം ജനലിൽക്കൂടി കാൽ തൂക്കിയിട്ടു കാണിച്ചു കൊടുത്ത അഗ്നിവർണൻ തിരുമേനിയിലോളം അതി മനോഹരമായി കെട്ടിയിറക്കിക്കൊണ്ടുവന്ന പടവുകളെപ്പോലെയുണ്ട് അതിലെ സർഗങ്ങൾ. മഹാരഥന്മാരും ധർമനിഷ്ഠരുമായിരുന്ന സൂര്യവംശ രാജാക്കന്മാരുടെ ഭരണക്രമം, ധീരോദാത്തത, കുടുംബജീവിതം, അവരുടെ സുഖങ്ങൾ, അവരുടെ കഷ്ടപ്പാടുകൾ ഇവയെല്ലാം മാനുഷികമായ തലത്തിൽ വെച്ചുതന്നെ ഏറ്റവും ഹൃദയംഗമമായി വർണിക്കപ്പെട്ടിരിക്കുന്നു. പലപല നൂറ്റാണ്ടുകളെ കടന്നുപോകുന്ന ആ മഹാകാവ്യം മനുഷ്യജീവിതം നിലനിൽക്കുന്നേടത്തോളംതന്നെ യഥാർത്ഥ മഹാകാവ്യമായി ആദരിക്കപ്പെടുമെന്നും ആസ്വദിക്കപ്പെടുമെന്നും ഞാൻ വിശ്വസിക്കുന്നു.

ഇതൊക്കെ ശരി. എന്നിട്ടും ആ കാവ്യരൂപം വളർച്ചമുട്ടിക്കഴിഞ്ഞതാണെന്നു പറയാൻ ഞാൻ മടിക്കുന്നില്ല. കാളിദാസപ്രഭാവനായ മറ്റൊരു കവി ഇല്ലല്ലോ ഇതേ അളവുകോൽവെച്ച് മറ്റൊരു കാവ്യസൗധം പണിതു നിങ്ങളെ ബോധ്യപ്പെടുത്താൻ എന്നു പലരും ചോദിക്കുമായിരിക്കും. സാധ്യതയുണ്ടോ എന്നു നമുക്കു പരിശോധിക്കുക. ഇന്നൊരു കവിക്ക് വഞ്ചീശവംശം എഴുതണം. അതിപരാക്രമിയായിരുന്ന, കൂടസ്ഥൻ എന്നുതന്നെ പറയാവുന്ന വീരമാർത്താണ്ഡപ്പൊന്നുതമ്പുരാൻ തിരുമേനി മുതൽക്കിങ്ങോട്ട് നാടുവാണ മഹാരഥന്മാരും മഹാരസികന്മാരുമായിരുന്ന പൊന്നുതമ്പുരാക്കന്മാരുടെ ഭരണക്രമം, യുദ്ധം, കല്യാണം, മരണം, ജനനം എന്നിങ്ങനെ സർഗപ്രതിസർഗം വർണിക്കുന്ന ഒരു മഹാകാവ്യം കാളിദാസൻതന്നെ ഇക്കാലത്തെഴുതിയാലും അതു സഹൃദയസമ്മതമാവാൻ വഴിയില്ല. കാരണം, അനുവാചകരായ സഹൃദയരുടെ സാമൂഹികബോധത്തിൽ സാരമായ പലപല പരിവർത്തനങ്ങളും വന്നുകഴിഞ്ഞിരിക്കുന്നു. മറ്റെന്തും പോലെ മനുഷ്യന്റെ കാവ്യരസാസ്വാദനശേഷിയും അവനിലുള്ള സാമൂഹികബോധത്തിന് വിധേയമായിട്ടാണ് വർത്തിക്കുന്നത്. ഇണക്കമുള്ള, പാൽതരുന്ന, സ്നേഹമയിയായ പശുവിനെപ്പറ്റിയുള്ള ധാരണയ്ക്കു വിധേയമായിട്ടല്ലാതെ ഗോകുലജീവിതത്തെ ഹൃദ്യമായി സങ്കൽപ്പിക്കാൻ മനുഷ്യമനസ്സിന് സാധ്യമല്ല. രഘുവംശകാവ്യം നിർമിച്ച കാലത്തും അതിലേറെ അതിൽ പ്രതിപാദിതമായ കഥകൾ നടന്നതായി സങ്കൽപ്പിക്കുന്ന കാലത്തും മനുഷ്യനിൽ സുശക്തമായി നിന്നിരുന്ന സാമൂഹികബോധത്തിന്റെ മുദ്രാവാക്യമായിരുന്നു 'രാജാ പ്രത്യക്ഷദൈവതം' എന്നത്. ആ ധാരണകളെ തലകീഴ് മറിച്ച പ്രജാധിപത്യത്തെപ്പറ്റിയുള്ള ആശയങ്ങളും അതിന്റെ നീണ്ട ചരിത്രങ്ങളും, ഇന്നത്തെ മനുഷ്യന്റെ സാമൂഹികബോധത്തിൽ വേരൂന്നിത്തഴച്ചു കഴിഞ്ഞിരിക്കേ, എത്രമാത്രം മാനുഷികമായ തലത്തിൽവെച്ച് മഹാരാജാക്കന്മാരുടെ ദിഗ്വിജയാദികളെ വർണിച്ചാലും ഒരു കാവ്യം ഭാവഭാസുരമായെന്നു വരില്ല. കാരണം ഭദ്രരൂപമാവില്ല ആ കാവ്യം എന്നതുതന്നെ.

മറിച്ച് ഇന്നൊരു വഞ്ചീശവംശമെഴുതണമെങ്കിൽ ധീരോദാത്തരും രാജവിരോധികളുമായിരുന്ന എട്ടുവീട്ടിൽ പിള്ളമാരുടെ താരതമ്യേന ദുർബലവും കുതന്ത്രജടിലവുമായിരുന്ന എതിർപ്പുക



**കാവ്യരൂപം**

ഇടശ്ശേരി



ളിൽനിന്നും പരാജയങ്ങളിൽനിന്നും തുടങ്ങി, ശ്രീചിത്തിരത്തിരുനാൾ മഹാരാജാവിന്റെ സുപ്രസിദ്ധമായ പ്രജാധിപത്യ മനോഭാവത്തോളം പടുത്തുയർത്തുന്നതും പടവിൽപ്പടവിൽ വഞ്ചിനാട്ടിലും അതിനു പുറമെയും നടന്ന ജനങ്ങളുടെ അധികാര മുന്നേറ്റത്തിനുള്ള സാഹസങ്ങളെ കൊത്തിയിടുന്നതുമായ ഒരു കനകനി ശ്രേണിയായിരിക്കും കാലജ്ഞനായ കവി വിരചിക്കുന്ന വഞ്ചീശവംശകാവ്യം എന്ന് എനിക്ക് തോന്നുന്നു. ഇത്രയുംകൂടി പറയണമെന്ന് എനിക്കുണ്ട്: രാജാകേശവദാസ് ശ്രീരംഗപട്ടണത്തേക്കു നയിച്ച നായർപടയുടെ പാദരേണുക്കളാൽ കലങ്ങി മറിഞ്ഞ അന്തരീക്ഷത്തെ വർണിച്ചുപാടുമ്പോൾ രസിച്ചു തലയാട്ടുന്ന ഇന്നത്തെ സഹൃദയൻ ചൂടാറാത്ത വയലാറിന്റെ ചോപ്പു വെള്ളം അലയടിക്കുന്ന കായലിന്റെ വർണനയിൽ കൂടുതൽ ആവേശഭരിതനും വികാരതരളിതനുമാകാതെ വയ്യ.

കാവ്യരൂപം കാവ്യത്തിന്റെ സർവസ്വമാണെന്നു ഞാൻ പറഞ്ഞുവല്ലോ. മറിച്ച് പുതിയ രൂപം എന്നതിന് ഭാഷാവൃത്തങ്ങളെ സ്വീകരിക്കലും മൃദുല പദങ്ങളെ അന്വേഷിക്കലുമാണെന്ന ധാരണ എങ്ങനെയോ വന്നുകൂടിയിട്ടുണ്ട്. അതാണ് കാലജ്ഞരായിരുന്നിട്ടും ആധുനിക കവികളിൽ വലിയൊരു ഭാഗം നിരന്തരധാരയായി പ്രവഹിപ്പിക്കുന്ന കാവ്യനിർത്ധരികൾ മണൽക്കാട്ടിലൂടെ ഒഴുകുന്ന പ്രതീതി ഉളവാക്കുന്നത്. പ്രായേണ ആഴ്ചകളെ അതിജീവിക്കാത്ത അവയുടെ ശാശ്വതികത്വത്തിന് മറ്റൊരു കാരണവും ഞാൻ കണ്ടിട്ടില്ല. നിർഭാഗ്യമെന്നു പറയട്ടെ, കാവ്യരൂപത്തെ തെറ്റിദ്ധരിപ്പിച്ച് അതിന്റെ നേർക്ക് ഫോർമലിസം ഫോർമലിസമെന്നു നിലവിളിക്കാനുംകൂടി ഇവിടെ ആളുണ്ടായെന്നു വന്നതാണ് ഏറ്റവും പരിതാപകരമായി തോന്നുന്നത്.

കവിത സൃഷ്ടികർമമാണ്. കവി മറ്റൊരു പ്രപഞ്ചത്തെ സൃഷ്ടിക്കുന്നു. എന്താണ് പ്രപഞ്ചം? ഗിരിഗഹ്വരാദികളും വൃക്ഷലതാദികളും നദീനിർത്ധരങ്ങളും മഹാസമുദ്രങ്ങളും ഹരിതശ്യാമള സസ്യസമൃദ്ധങ്ങളായ സമതലങ്ങളും വിവിധ മൃഗപക്ഷിപംക്തികളും ഒക്കെ ചേർന്നാൽ പ്രപഞ്ചമായോ? ഇല്ല. മനുഷ്യൻ വേണം. അവൻ നിർമിച്ച നാട്ടിൻപുറങ്ങളും നഗരങ്ങളും വേണം. അവന്റേതായ രാഷ്ട്രങ്ങളും രാഷ്ട്രീയങ്ങളും രാഷ്ട്രീയപാർട്ടികളും വേണം. എന്നാലുംപോരാ, ഇതൊക്കെയുണ്ടെങ്കിലും ഞാനില്ലെങ്കിൽ പ്രപഞ്ചമില്ല. ഇതിനെല്ലാം കേന്ദ്രമായി ഓരോ ഞാനും ഉണ്ടെങ്കിലേ പ്രപഞ്ചമുള്ളൂ. ആ ഞാൻ ഈ പ്രപഞ്ചത്തിന്റേതായ ഒരായിരം കുടുക്കുകളിൽ കിടന്നു കെട്ടിമറിയുകയാണെങ്കിലോ, എനിക്ക് ഈ പ്രപഞ്ചത്തിന്റെ ഏറ്റവും നിസ്സാരമായ ഒരു മൂല നോക്കിക്കാണാനേ സാധിക്കൂ. അതുതന്നെ വേണ്ടതിൻവണ്ണമാവില്ല. മറിച്ച് ഞാനുണ്ടായിരിക്കയും ആ ഞാൻ ഈ പ്രപഞ്ചത്തിന്റേതായ യാതൊരു കുടുക്കുകളിലും പെടാതെ ഉയർന്നുനിൽക്കുകയും അഥവാ ഒട്ടകന്നുനിൽക്കുകയും ചെയ്താലേ ഈ പ്രപഞ്ചത്തെ സമഗ്രമായി നോക്കിക്കാണാനും രസിക്കാനും കഴിയൂ. അപ്പോൾ പ്രപഞ്ചത്തെത്തന്നെ സൃഷ്ടിക്കുന്ന ഒരു ഞാനുണ്ടല്ലോ ആ ഞാൻ എത്രമാത്രം ഈ പ്രപഞ്ചത്തിൽനിന്നു വിട്ടകന്ന് ഉയർന്നുനിൽക്കണം!

അതുപോലെ കവിയും താൻ സൃഷ്ടിക്കുന്ന കാവ്യപ്രപഞ്ചത്തിൽനിന്ന് അകന്നും ഉയർന്നും നിൽക്കുകയാണ് ആവശ്യം. മറിച്ച് സ്വന്തം സൃഷ്ടിയിൽത്തന്നെ വ്യാമുഗ്ദ്ധനാകുന്നത് വൈകൃതമാണ്. യഥാർത്ഥ കവിത നർമബോധത്തിൽനിന്നേ ഉടലെടുക്കൂ. വിഷയത്തിൽനിന്നും ഉയർന്നുനിൽക്കാത്ത ഒരാൾക്ക് തദ്വി... (ഇവിടെ അല്പം വാക്കുകൾ പൊയ്പ്പോയിരിക്കുന്നു. സമ്പാ.) പിന്നേയുമുണ്ട് ദോഷം. പ്രപഞ്ചത്തിന് ഒരു ധർമമുണ്ട്. ആ ധർമമനുസരിച്ച് അതു നടന്നുപോകുന്നു. അതല്ലാതെ സൃഷ്ടികർത്താവ് ഇടയ്ക്കിടയ്ക്ക് ഇറങ്ങിവന്ന് ധർമശാസനം നടത്തുക കുറേക്കാലമായി പതിവില്ലാത്തതാണ്. കവിയും സ്വസൃഷ്ടികളായ കഥാപാത്രങ്ങളെ കാവ്യപ്രപഞ്ചത്തിലെ ധർമമനുസരിച്ച് വ്യാപരിക്കാൻ വിടുകയാണാവശ്യം. അതല്ലാതെ അവരിൽ ചിലരുടെ ഭാഗത്തേക്ക് ഇറങ്ങിവന്ന് ഒരു വക്കീലിനെപ്പോലെ ധർമാധർമങ്ങളെപ്പറ്റി പ്രസംഗിക്കുന്ന സമ്പ്രദായം ഇന്നത്തെ പല കാവ്യങ്ങളിലും കണ്ടുവരുന്നുണ്ട്. ഇതൊരു പ്രസ്ഥാനലക്ഷണമാണോ? എന്തായാലും ഈ സമ്പ്രദായം കാവ്യശോഭയെ ഹനിക്കുകയും രസവിച്ഛിത്തിവരുത്തുകയും ചെയ്യുന്നുണ്ട്.

കവി ഉത്തമപുരുഷനായി നിന്ന് പ്രതിപാദ്യത്തെ കൈകാര്യംചെയ്യുന്ന കവിതകളുണ്ട്. ഇവിടെ ആവിഷ്കൃതമായ വാദത്തിന് അത്തരം കവിതകൾ എതിരുനിൽക്കുന്നില്ല. ആ കവിതകളിൽ കാണുന്ന 'ഞാൻ' കവിയല്ല, കവി സൃഷ്ടിച്ച കഥാപാത്രമാണ്. ആ കഥാപാത്രത്തിന്റെ ഊരും പേരും കവി വ്യക്തമാക്കുന്നില്ലെന്നേ വിശേഷമുള്ളൂ.

(അപൂർണം)

*ഇടശ്ശേരിയുടെ വീട്ടിൽനിന്നു കിട്ടിയ കൈയെഴുത്തുപ്രതികളുടെ കൂട്ടത്തിൽ നിന്നാണ് ഈ ലേഖനം. പൂർണരൂപം ലഭിച്ചിട്ടില്ല. എഴുതി മുഴുമിച്ചിരുന്നോ എന്നും അറിഞ്ഞുകൂടാ. എന്നാൽ, കിട്ടിയിടത്തോളം ഭാഗത്തുനിന്ന് ഇടശ്ശേരിയുടെ കാവ്യരൂപ സങ്കല്പത്തെക്കുറിച്ചുള്ള ഒരേകദേശ ചിത്രം ലഭിക്കുമെന്നതിനാൽ ഇവിടെ ചേർക്കുന്നു. ശീർഷകം സമ്പാദകന്റേതാണ്.*